സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവണ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്.

(സി) വടക്കു എറണാകുളത്തും, തെക്കു അടൂർവരേയും ഈ രോഗമുള്ളതായിട്ടാണറിവു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇതിലേയ്ക്കു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ആക്ടീവാണോ, സ്ഥിരമാണോ?

ശ്രീ. ഇ. ജാൺ: ഫിലിപ്പോസു്: അറിയാൻ പാടില്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: എന്നാണു് ഇതിനു് പ്രതിവിധി കണ്ടുപിടിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: രോഗം പിടിപെട്ടിരിക്കുന്നതായി അറിവു് ലഭിച്ചപ്പോഴേതന്നെ ഗവണ്മെണ്ടു് വേണ്ട നടപടികളും എടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബോംബെയിൽനിന്നും ഒരു ഉദ്യോഗസ്ഥനെ വരുത്തിയെന്നു പറഞ്ഞല്ലൊ. അതെന്തിനാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതു ഈ രോഗത്തെ സംബന്ധിച്ചു സ്പെഷ്യലായി ചില റിസർച്ചുചെയ്ത പ്രതിവിധികളും കണ്ടുപിടിക്കുന്നതിനാണു്. അദ്ദേഹം സിലോണിൽപോയി ഇതു സംബന്ധിച്ചു പരീക്ഷണം നടത്തി അനുഭവപ്പെട്ടിട്ടുള്ള ഒരാളാണു്. ഇവിടെ വാഴരോഗം പിടിപെട്ടിരിക്കുതു് അവിടെ ഉള്ളതുപോലെയാണോ, എവിടെയെല്ലാമാണു് ബാധിച്ചിട്ടുള്ളതു എന്നെല്ലാം അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാനാണു് അദ്ദേഹത്തെ വരുത്തിയതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അദ്ദേഹത്തെ വരുത്തിയതു എന്നാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഫെബ്രുവരി-ലാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അന്നുമുതൽ ഇതുവരെ ഇതിനൊരു പ്രതിവിധി കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അന്നുമുതൽ റിസർച്ചു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഇതേപ്പറ്റി അന്വേഷണം നടത്തി. പക്ഷെ അതിനു് പരിപൂർണ്ണമായ ഏതെങ്കിലും ഒരു പ്രതിവിധിയുണ്ടാക്കണമെന്നുദ്ദേശിച്ചാണു് ഡാക്ടർ കാപൂറിനെകൂടി വരുത്തണമെന്നു വിചാരിച്ചതു്.

Sri. P. S Nataraja Pillai: May I know whether the area affected is increasing year to year or decreasing?

Sri. E. John Philipose. The area at present, as far as I could say from the discussions I had with Dr. Kapur and also from the report that I have been receiving, is increasing.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: വാഴരോഗത്തെപ്പറ്റി ബഹു. മന്ത്രിയുടെ മറുഡിയോ പ്രസംഗത്തിനുശേഷമാണോ, അതിനു് മുൻപാണോ ഡാക്ടർ കാപൂറിനെ വരുത്തിയതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അതിനു് മുൻപാണു്.

പബ്ലിക്കു് ചന്ത.

*൯൩ ൭. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പന്തളം വടക്കേക്കര പകുതിയിൽ ഇലവിന്തട്ടയിൽ ഒരു പബ്ലിക്കു ചന്തയുണ്ടോ? ആ ചന്ത ഏതു താലൂക്കിലേക്കു എന്തു തുകയ്ക്കാണു് ലേലം ചെയ്തിരിക്കുന്നതു്;

(ബി) ആ ചന്തയിലേക്കു അടുത്ത പ്രദേശങ്ങളിൽ ഉണ്ടാകുന്ന സാധനങ്ങൾ കൊണ്ടുപോകുന്നതിനും ടി ചന്തയിൽനിന്നും സാധനങ്ങൾ വാങ്ങി അന്യസ്ഥലത്തേക്കു കൊണ്ടുപോകുന്നതിനും വാഹനത്തിനു് യാതായാതസൗകര്യമില്ലെന്നു ഗവണ്മെണ്ടിനറിയാമോ;

(സി) പന്തളം വടക്കേക്കര ഉളനാട്ടിൽ വള്ളിച്ചിറ ഏലായിൽ വെള്ളം കയറുന്നതിനും ഇറങ്ങുന്നതിനും സൗകര്യമില്ലാത്തതുകൊണ്ടു് സാധാരണ വിത്തു കൃഷിപ്പിഴവു കൊണ്ടിരിക്കുന്നുവെന്നു് ഗവണ്മെണ്ടിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വള്ളിച്ചിറ ഏലായിൽനിന്നും അച്ചൻകോവിൽ ആറിലേക്കുള്ള തോട് കഴിപ്പിക്കണമെന്ന നിലമുടസ്ഥന്മാർ ഗവണ്മെണ്ടിനോടാവശ്യപ്പെട്ടിട്ടുണ്ടോ? ആ തോട് കഴിപ്പിക്കുന്നതിന് എന്തു ചെലവു വരുമെന്നു പറയുവാൻ കഴിയുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ) ഉണ്ട്. ആ ചന്ത ഫെ ബ്രുവരി മാസത്തിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

(ബി) ചന്തയിലേയ്ക്കാവശ്യമായ ഗതാഗതസൗകര്യമുണ്ട്.

(സി) ചിലപ്പോൾ കൃഷിപ്പിഴ ഉണ്ടാകുന്നുണ്ട്.

(ഡി) ഉണ്ട്. രണ്ടായിരത്തിനും അയ്യായിരത്തിനും മധ്യേ രൂപ ചെലവുവരും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൊല്ലഞ്ചിറപ്പാലം പൊളിഞ്ഞു കിടക്കുകയാണെന്ന കാര്യമെങ്കിലറിയാമോ?

(ഉത്തരം പറഞ്ഞില്ല.)

(Question No 6 was not put by the Member).

PETROL

***968.** [7] **Sri. A. K. George:** Will the Hon'ble Minister for Public Works, Communications and Agriculture be pleased to state.—

(*a*) how much petrol has been allotted to Cochin Division for this year; and

(*b*) is there any enquiry going on against any officer in this department for putting down this quota of petrol in the records incorrectly?

Sri. E. John Philipose:

(*a*) 2,39,760 gallons of petrol have been allotted to the Cochin Division for the 1st quarter of 1950.

(*b*) No.

CATTLE REARING CENTRES

***969.** [8] **Sri. E. P. Poulose:** Will the Hon'ble Minister for Public Works, Communications and Agriculture be pleased to state.—

(*a*) whether Government are aware of the proposal to start 600 cattle rearing centres in India announced by the Government of India;

(*b*) whether this Government have addressed the Government of India regarding the urgent needs of this State to have started a few of these centres in Travancore-Cochin; and

(*c*) if not whether Government will immediately take up this question with the Government of India considering the immediate necessity of improving our cattle wealth?

Sri. E. John Philipose:

(*a*) Yes.

(*b*) Does not arise.

(*c*) Does not arise.

ശ്രീ. ഇ. പി. പൗലോസ്: ഈ സംസ്ഥാനത്തു എവിടെയെങ്കിലും കൃഷിറിയറിംഗ് സെന്ററുകൾ തുടങ്ങാൻ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

Sri. E. John Philipose: The Government of India have got a scheme for creating various Units in this line. As regards the village system, the Government of India have accepted the request of this Government to sanction one unit for Travancore-Cochin State and as a result of that, Government have decided to open 4 Village centres in the State namely Trivandrum, Kottayam, Nagercoil and Trichur. Negotiations are taking place as to whether one more centre could not be opened in addition. The idea behind the scheme is that pedigree bulls will be brought and stationed here and looked after in these centres. In certain specific areas the idea is that as far as possible these bulls shall be exclusively responsible for the necessary propogation of cattle in that area and to that extent it might become necessary to order the castration of several stray bulls there. It is proposed that this scheme is to be worked for 5 years within which time it is hoped to study and examine the results thereof.

ശ്രീ. ഇ. പി. പൗലോസ്: ഇതിന്റെ മുഴുവൻ ചെലവുകളും വഹിക്കുന്നതു് ഈ രാജ്യമാണോ?

LIBRARY ARCHIVES Kerala Legislative Assembly